# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3518

11.12.2018 - ൽ
മറുപടിയ്ക്ക്

## ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യാനുസരണം പൂർണ്ണമായും ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | എ) സ്വീകരിച്ചിട്ടുണ്ട്. |
| ബി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായുള്ള പദ്ധതിയിൽ 505.85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് ഗുണമേന്മയുള്ള കുരുമുളകുതൈകൾ ഉല്പാദിപ്പിക്കുന്നതിന് 163.84 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ മറ്റ് തൈകളുടെ ഉല്പാദനത്തിനും ലക്ഷ്യമിട്ടിരിക്കുന്നു. നല്ലയിനം വാഴതൈകൾ, ആന്തൂറിയം, ഔഷധ സസ്യങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 40 ലക്ഷവും, കേരസമൃദ്ധിയെന്ന പദ്ധതിയിൽ 3,76,800 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി 217 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>സ്റ്റേറ്റ് സീഡ് പ്ലാൻ എന്ന പദ്ധതിയിൽ നെൽവിത്തുകളും, പച്ചക്കറി വിത്തുകളും ഉല്പാദിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>രജിസ്റ്റർ ചെയ്ത വിത്തുല്പാദകർ മുഖേന നെല്ലിന്റെയും പച്ചക്കറിവിത്തുകളുടെയും ഉൽപാദനം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയും, VFPCK യും യഥാക്രമം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ